**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3105** **07-10-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കിണറിൽ നിന്നും മറ്റ് ജലസ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന കുടിവെള്ളം പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 14 ജില്ലകളിലായി സ്ഥാപിച്ചിരിക്കുന്ന എൻ എ ബി എൽ അക്രഡിറ്റേഷൻ ഉള്ള ജില്ലാ ലാബുകളിലും അവയുടെ കീഴിൽ വരുന്ന 71 എൻ എ ബി എൽ റെക്കഗ്നിഷൻ ലഭിച്ച ഉപജില്ലാ ലാബുകളിലും ജല ശുദ്ധീകരണ ശാലകളോട് ചേർന്നുള്ള ലാബുകളിലും കേരള ജല അതോറിറ്റി ഉപയോഗിക്കുന്ന അസംസ്കൃത ജലം, ശുദ്ധീകരിച്ച ജലം, വിതരണം ചെയ്യുന്ന ജലം എന്നിങ്ങനെ വിവിധ ഘട്ടങ്ങളിൽ സാമ്പിളുകൾ സ്വീകരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ജലഗുണമേന്മ പരിശോധിക്കുന്നതിന് സ്വകാര്യ കിണറുകളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ലഭ്യമാകുന്ന സാമ്പിളുകൾ അംഗീകൃത നിരക്ക് ഈടാക്കി പരിശോധന റിപ്പോർട്ട് നൽകുന്നതിനുള്ള സംവിധാനം കേരള ജല അതോറിറ്റിയുടെ അധീനതയിലുള്ള അക്രഡിറ്റഡ് ലാബുകൾ വഴി ചെയ്തുവരുന്നു. ഇതിനെല്ലാം പുറമെ ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ നിശ്ചിത എണ്ണം സാമ്പിളുകൾ എറണാകുളം ജില്ലയിലെ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ലാബിൽ പുനഃപരിശോധിച്ച് വരുന്നുണ്ട്.<br><br>ജല ശുദ്ധീകരണ ശാലകളിൽ നിന്നും വിതരണം ചെയ്യുന്ന ജലത്തിന്റെ പി.എച്ച്. വാല്യൂ, ടർബിഡിറ്റി, റെസിഡ്യൂവൽ ക്ളോറിൻ തുടങ്ങിയവ ജല അതോറിറ്റിയുടെ ഗുണനിലവാര വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും അവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ജല വിതരണ പദ്ധതികളിൽ ഗുണനിലവാരം ഉറപ്പു വരുത്തുകയും ചെയ്ത് വരുന്നു.<br><br>കൂടാതെ കിണറിൽ നിന്നും മറ്റ് ജലസ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന കുടിവെള്ളം പരിശോധിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഭൂജലവകുപ്പിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി മൂന്ന് ലാബുകളും ഒരു മൊബൈൽ ലാബും ആണ് ഉള്ളത്. കൂടാതെ വകുപ്പ് മുഖേന നടപ്പിലാക്കിയ നാഷണൽ ഹൈഡ്രോളജി പ്രൊജക്ടിന്റെ ഭാഗമായി ഒരു ജില്ലയിൽ നിന്നും രണ്ടു വീതം ഹൈസ്കൂളുകളിലെ സ്കൂൾ ലാബുകൾ upgrade ചെയ്തിട്ടുണ്ട്. |
| (ബി) | വടകര താലൂക്കിൽ ഇത്തരത്തിൽ ഏതൊക്കെ കേന്ദ്രങ്ങളിൽ നിന്ന് കുടിവെള്ള പരിശോധന നടത്താൻ സാധിക്കും എന്ന് അറിയിക്കാമോ? | (ബി) | വടകര താലൂക്കിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള വടകര ഉപജില്ലാ ലാബിലും കുറ്റിയാടി ഉപജില്ലാ ലാബിലും കുടിവെള്ള ഗുണനിലവാര പരിശോധന നടത്തുവാനുള്ള സംവിധാനമുണ്ട്.<br><br>എന്നാൽ വടകര താലൂക്കിൽ ഭൂജലവകുപ്പിന് ലാബ് ഇല്ല. കോഴിക്കോട് കുന്ദമംഗലത്ത് സ്ഥിതി ചെയ്യുന്ന വകുപ്പിന്റെ അനലിറ്റിക്കൽ ലാബ് മുഖേന കുടിവെള്ള പരിശോധന നടത്താൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ